"ഭരണഭാഷ- മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം - വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:1,വനിത ശിശുവികസന ഡയറക്ടറുടെ 17/09/2020 തിയതിയിലെ WCDE8/6808/2020 നമ്പർ ഉത്തരവ്.

2,വനിത ശിശുവികസന ഡയറക്ടറുടെ 08/02/2022 തിയതിയിലെ WCD-E9/14181/2020 നമ്പർ ഉത്തരവ്.

3,ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നമ്പർ : WCD-E7/12232/20 തീയതി :28-02-2022**

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം(2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ശ്രീമതി.പത്മശ്രീ.ബി യ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേനയും ജൂനിയർ സൂപ്രണ്ട് ശ്രീ.വിനി.വി.പി 31/12/2021 തീയതിയിൽ വിരമിച്ചതു മുഖേനയും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്ന് ക്രമ നമ്പർ 25 വരെയുള്ളവർക്ക് ഇതിനോടകം സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ക്രമ നമ്പർ 26 ആയ ശ്രീമതി.ജോളി.പി വിരമിച്ചതിനാൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ചുവടെ പറയുന്ന ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ക്രമ നമ്പർ 27) ശ്രീ.വിജയൻ എം.വി.

ക്രമ നമ്പർ 28) ശ്രീ.ഹരിഹരൻ.ജി.

ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം(3) പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലം മാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ വിവരിച്ച ഹെഡ് അക്കൗണ്ടന്റുമാർക്ക് KS&SSR ചട്ടം 28A(i) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു..

**ജൂനിയർ സൂപ്രണ്ട് സ്ഥലം മാറ്റം**

| ക്രമ നം. | പേര്,ഇപ്പോൾ ജോലിചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.വിനോദ്.റ്റി<br>വനിത ശിശുവികസന ഡയറക്ടറേറ്റ് | ജില്ലാ വനിത ശിശുവികസന ഓഫീസ് ,കൊല്ലം | അപേക്ഷ |
| 2 | ശ്രീമതി.രമ്യ.ആർ.എം<br>ഐ.സി.ഡി.എസ്. പട്ടണക്കാട് | വനിത ശിശുവികസന ഡയറക്ടറേറ്റ് | അപേക്ഷ |
| 3 | ശ്രീമതി.ജലജ.എൽ<br>ജില്ലാ വനിത ശിശുവികസന ഓഫീസ്,ഇടുക്കി | ഐ.സി.ഡി.എസ് പട്ടണക്കാട് | അപേക്ഷ |
| 4 | ശ്രീമതി.ഡീന ഇഗ്നേഷ്യസ്.കെ<br>ഐ.സി.ഡി.എസ്.പരപ്പ അഡീഷണൽ | ഐ.സി.ഡി.എസ്. വടക്കാഞ്ചേരി | അപേക്ഷ |

**ജൂനിയർ സൂപ്രണ്ട് ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.വിജയൻ എം.വി,<br>ഹെഡ് അക്കൗണ്ടന്റ്,<br>ഐ സി ഡി എസ് .തൂണേരി | ജൂനിയർ സൂപ്രണ്ട്,<br>ഐ സി ഡി എസ് പരപ്പ അഡീഷണൽ |
| 2 | ശ്രീ.ഹരിഹരൻ.ജി.<br>ഹെഡ് അക്കൗണ്ടന്റ്<br>ഐ സി ഡി എസ് ചെങ്ങന്നൂർ | ജൂനിയർ സൂപ്രണ്ട്,<br>ജില്ലാ വനിത ശിശുവികസന ഓഫീസ് ഇടുക്കി |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലം മാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
2. ബന്ധപ്പെട്ട വനിതാ ശിശുവികസന ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്
4. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
5. സൂപ്രണ്ട്-ഐ.റ്റിസെൽ(വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന് )
6. ഡയറക്ടറുടെ സി.എ
7. സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Suresh

**സൂപ്രണ്ട്**